# മഹാത്മാ ഗാന്ധി സർവ്വകലാശാല

## പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം–686 560

ഫോൺ: 0481 – 2733298, മൊബൈൽ : 9495119702


2019 ഏപ്രിൽ 11

# വാർത്താക്കുറിപ്പ്

## ഇന്നത്തെ ബി.ടെക് പരീക്ഷകൾ മാറ്റി

ഇന്ന് (ഏപ്രിൽ 12) നടക്കാനിരുന്ന ബി .ടെക്. ആറാംസെമസ്റ്റർ പരീക്ഷയുടെ കാഡ് ആൻഡ് മാനുഫാക്ച്ചറിങ്, മെക്കാട്രോണിക്സ്, കോൺക്രീറ്റ് ടെക് നോളജി, ഡിസ്ട്രിബ്യൂട്ടഡ് സിസ്റ്റം , യൂണിക്സ് ഷെൽ പ്രോഗ്രാമിങ് , റിന്യൂവബിൾ എനർജി റിസോഴ് സസ്, ടെലിവിഷൻ ആൻഡ് റഡാർ എൻജിനീയറിങ്, മെഡിക്കൽ ഇലക് ട്രോണിക്സ്, ഓട്ടോമൊബൈൽ എൻജിനീയറിങ് , പ്രോജക്ട് മാനേജ്മെന്റ്, കൺട്രോൾ സിസ്റ്റം എന്നീ വിഷയങ്ങളിലുള്ള പരീക്ഷകൾ മാറ്റി വച്ചു . പുതുക്കിയ തീയതി പിന്നീട് അറിയിക്കും. മറ്റു പരീക്ഷകൾക്ക് മാറ്റമില്ല. വിശദവിവരം സർവകലാശാല വെബ്സൈറ്റിൽ.

(പി.ആർ.ഒ./39/714/2019)

## പരീക്ഷ ഫലം

2018 ജൂണിൽ നടന്ന എം .എസ്.ഡബ്ല്യൂ. രണ്ടാം സെമസ്റ്റർ ബിരുദ പരീക്ഷയുടെ (2017 അഡ്മിഷൻ റഗുലർ/2017 വരെയുള്ള അഡ്മിഷൻ സപ്ലിമെന്ററി ) ഫലം പ്രസിദ്ധീകരിച്ചു . പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഏപ്രിൽ 25 വരെ അപേക്ഷിക്കാം.

(പി.ആർ.ഒ./39/715/2019)

## പ്രാക്ടിക്കൽ

എം.എസ്.സി. ടെക്സ്റ്റൈൽസ് ആൻഡ് ഫാഷൻ മൂന്നാംസെമസ്റ്റർ (സി.എസ്.എസ്. 2017 അഡ്മിഷൻ റഗുലർ /2014, 2015, 2016 അഡ്മിഷൻ സപ്ലിമെന്ററി /2012, 2013 അഡ്മിഷൻ മേഴ്സി ചാൻസ്) ഡിസംബർ 2018 പരീക്ഷയുടെ പ്രാക്ടിക്കൽ ഏപ്രിൽ 16ന് ആരംഭിക്കും . വിശദമായ ടൈംടേബിൾ സർവകലാശാല വെബ്സൈറ്റിൽ.

(പി.ആർ.ഒ./39/716/2019)

## എം.എസ്.സി. മാത്തമാറ്റിക്സ് പ്രൈവറ്റ്; പ്രോജക്ട് മൂല്യനിർണയം, വാചാ പരീക്ഷ

2019 ഫെബ്രുവരിയിൽ നടന്ന രണ്ടാംവർഷ (മൂന്ന്, നാല് സെമസ്റ്റർ) എം.എസ്.സി. മാത്തമാറ്റിക്സ് പ്രൈവറ്റ് ഡിഗ്രി പരീക്ഷയുടെ പ്രോജക്ട് മൂല്യനിർണയം /വാചാ പരീക്ഷ ഏപ്രിൽ 29, 30 തീയതികളിൽ നടക്കും. ആലുവ യു .സി., മാലിയങ്കര എസ് .എൻ.എം. കോളജ് എന്നിവിടങ്ങൾ കേന്ദ്രമാക്കി രജിസ്റ്റർ ചെയ്തവർ ഏപ്രിൽ 29നും ഇടക്കൊച്ചി സിയന്ന കോളജ് കേന്ദ്രമാക്കിയവർ ഏപ്രിൽ 30നും കളമശേരി സെന്റ് പോൾസ് കോളജിൽ ഹാൾടിക്കറ്റുമായി ഹാജരാകണം . ചങ്ങനാശേരി എൻ .എസ്.എസ്., പത്തനംതിട്ട കാതോലിക്കേറ്റ്, പാല സെന്റ് തോമസ് എന്നീ കോളജുകൾ കേന്ദ്രമാക്കിയവർ ഏപ്രിൽ 29ന് ചങ്ങനാശേരി എൻ .എസ്.എസ്. കോളജിൽ ഹാൾടിക്കറ്റുമായി ഹാജരാകണം . വിശദമായ ടൈംടേബിൾ സർവകലാശാല വെബ്സൈറ്റിൽ.

(പി.ആർ.ഒ./39/717/2019)

## പി.എച്ച്.ഡി. രജിസ്ട്രേഷൻ;

## അഭിരുചി പരീക്ഷയ്ക്ക് അപേക്ഷിക്കാം

മഹാത്മാ ഗാന്ധി സർവകലാശാലയിൽ പി .എച്ച്.ഡി. രജിസ്ട്രേഷനുള്ള അഭിരുചി പരീക്ഷയ്ക്ക് (WAT 2019) അപേക്ഷ ക്ഷണിച്ചു. ഏപ്രിൽ 12ന് രാവിലെ 10 മുതൽ ഏപ്രിൽ 30ന് വൈകിട്ട് അഞ്ചുവരെ www.phd.mgu.ac.in എന്ന പോർട്ടലിലൂടെ ഓൺലൈനായി അപേക്ഷിക്കാം . 55 ശതമാനം മാർക്കോടെ അംഗീകൃത ബിരുദാനന്തര ബിരുദ പരീക്ഷ പാസായവർക്കാണ് അവസരം.

എസ്.സി., എസ്.ടി., ഒ.ബി.സി.(നോൺ ക്രീമിലെയർ ), ഭിന്നശേഷിക്കാർ എന്നിവർക്ക് 50 ശതമാനം മാർക്കുമതി. ബിരുദാനന്തരബിരുദ പരീക്ഷകളുടെ ഫലം കാത്തിരിക്കുന്നവർക്കും അപേക്ഷിക്കാം . ജൂലൈ 31നകം യോഗ്യത നേടിയി രിക്കണം. 1000 രൂപയാണ് അപേക്ഷ ഫീസ് . എസ്.സി., എസ്.ടി. വിഭാഗക്കാർക്ക് 500 രൂപ. ഓൺലൈനായാണ് ഫീസടയ്ക്കേണ്ടത്. ഓൺലൈനായി അപേക്ഷിച്ചശേഷം അപേക്ഷയുടെ പ്രിന്റൗട്ടും അപ് ലോഡ് ചെയ്ത രേഖകളുടെ സ്വയംസാക്ഷ്യപ്പെടുത്തിയ പകർപ്പുകളും അസിസ്റ്റന്റ് രജിസ്ട്രാർ 21(പരീക്ഷ), മഹാത്മാഗാന്ധി സർവകലാശാല , പി.ഡി. ഹിൽസ് 686560 എന്ന വിലാസത്തിൽ മേയ് രണ്ടിന് ഉച്ചകഴിഞ്ഞ് മൂന്നിനകം സമർപ്പിക്കണം . മേയ് 18ന് രാവിലെ 10 മുതൽ ഒന്നുവരെ കോട്ടയം സി .എം.എസ്. കോളജിലാണ് പരീക്ഷ നടക്കുക . ഹാൾടിക്കറ്റുകൾ മേയ് 15 മുതൽ 17വരെ ഡൗൺലോഡ് ചെയ്യാം.

(പി.ആർ.ഒ./39/718/2019)

## എം.ജിയിൽ ത്രിദിന രാജ്യാന്തര നാനോമെറ്റീരിയൽ

## കോൺഫറൻസിന് ഇന്ന് (ഏപ്രിൽ 12) തുടക്കം

മഹാത്മാ ഗാന്ധി സർവക ലാശാല ഇന്റർനാഷണൽ ആൻഡ് ഇന്റർയൂണിവേഴ് സിറ്റി സെന്റർ ഫോർ നാനോസയൻസ് ആൻഡ് നാനോ ടെക് നോളജി സംഘടിപ്പിക്കുന്ന നാലാമത് രാജ്യാന്തര നാനോമെറ്റീരിയൽ കോൺഫറൻസ് ഇന്ന് (ഏപ്രിൽ 12) ആരംഭിക്കും. സ്കൂൾ ഓഫ് പ്യുവർ അപ്ലൈഡ് ഫിസിക്സ് ഓഡി റ്റോറിയത്തിൽ രാവിലെ ഒമ്പതിന് വൈസ്ചാൻസലർ പ്രൊഫ . സാബു തോമസ് ഉദ്ഘാടനം നിർവഹിക്കും.

ഫ്രാൻസിലെ ഡ്യൂപെ ഡി ലോം റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിലെ പ്രൊഫ . ബാസ്റ്റിൻ സെന്റയർ , അമേരിക്കയിലെ നോർത്ത് ടെക്സാസ് സർവകലാശാല ഹെൽത്ത് സയൻസ് സെന്ററിലെ ഡോ. മായ പി. നായർ എന്നിവർ മുഖ്യപ്രഭാഷണം നടത്തും . ലോകമെമ്പാടുമുള്ള 250 ശാസ്ത്രജ്ഞരും ഗവേഷകരും ഏപ്രിൽ 14 വരെ നടക്കുന്ന കോൺഫറൻസിൽ പങ്കെടുക്കും.

(പി.ആർ.ഒ./39/719/2019)

## എം.ജി.യിൽ ബിരുദ, ബിരുദാനന്തരബിരുദ പരീക്ഷകളുടെ

## കേന്ദ്രീകൃത മൂല്യനിർണയം പുരോഗമിക്കുന്നു

### – ഒൻപതു കേന്ദ്രങ്ങൾ, ഒൻപതു ലക്ഷം ഉത്തരക്കടലാസ്

മഹാത്മാഗാന്ധി സർവകലാശാലയിൽ ബിരുദ , ബിരുദാനന്തരബിരുദ പരീക്ഷകളുടെ കേന്ദ്രീകൃത മൂല്യനിർണയം പുരോഗമിക്കുന്നു. ഒമ്പതു ക്യാമ്പുകളിലായി 5000 അധ്യാപകർ പങ്കെടുക്കുന്നു. ക്യാമ്പുകൾക്ക് സിൻഡിക്കേറ്റ് അംഗങ്ങളാണ് നേതൃത്വം നൽകുന്നത്.

ആലുവ സെന്റ് സേവ്യേഴ്സ് കോളജ് , തൃപ്പൂണിത്തുറ ചിന്മയ കോളജ് , മൂവാറ്റുപുഴ നിർമ്മല കോളേജ് , കോട്ടയം ബി .സി.എം. കോളേജ്, പാലാ അൽഫോൻസാ കോളേജ് , ചങ്ങനാശ്ശേരി ക്രിസ്തുജ്യോതി കോളേജ്, കോഴഞ്ചേരി സെന്റ് തോമസ് കോളേജ്, കട്ടപ്പന ജെ.പി.എം. കോളേജ്, അടിമാലി കർമ്മലഗിരി കോളേജ് എന്നിവിടങ്ങളിലാണ് ക്യാമ്പ് . ഒന്ന്, നാല്, ആറ് സെമസ്റ്റർ ബിരുദ പരീക്ഷകളുടെയും അഞ്ച് , ആറ് സെമസ്റ്റർ പ്രൈവറ്റ് ബിരുദ പരീക്ഷകളുടെയും മൂന്ന് , നാല് സെമസ്റ്റർ ബിരുദാനന്തര ബിരുദ പരീക്ഷകളുടെയും ഒൻപത് ലക്ഷത്തോളം ഉത്തരക്കടലാസുകളാണ് മൂല്യനിർണയം ചെയ്യുന്നത്.

സിൻഡിക്കേറ്റംഗങ്ങളായ അഡ്വ. പി.കെ. ഹരികുമാർ, ഡോ. അജി സി. പണിക്കർ, ഡോ. പി.കെ. പത്മകുമാർ, ഡോ. എ. ജോസ്, പ്രൊഫ. ടോമിച്ചൻ ജോസഫ് , ഡോ. എ. കൃഷ്ണദാസ്, വി.എസ്. പ്രവീൺകുമാർ എന്നിവർ ക്യാമ്പുകൾക്ക് നേതൃത്വം നൽകുന്നു.

കോട്ടയം ബി .സി.എം. കോളജിലെ ക്യാമ്പ് സന്ദർശിച്ച് വൈസ് ചാൻസലർ പ്രൊഫ . സാബു തോമസ് പുരോഗതി വിലയിരുത്തി. സിൻഡിക്കേറ്റ് മേൽനോട്ടസമിതി അംഗങ്ങളായ ഡോ. ആർ. പ്രഗാഷ്, പ്രൊഫ. ടോമിച്ചൻ ജോസഫ്, ഡോ. എ. ജോസ്, സിൻഡിക്കേറ്റംഗം ഡോ. പി.കെ. പദ്മകുമാർ എന്നിവർ സന്നിഹിതരായിരുന്നു.

<u>**ചിത്രം കാപ്ഷൻ**</u>

**കോട്ടയം ബി.സി.എം. കോളജിലെ എം.ജി. സർവകലാശാലയുടെ മൂല്യനിർണയ ക്യാമ്പ് വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ് സന്ദർശിക്കുന്നു. സിൻഡിക്കേറ്റംഗങ്ങളായ ഡോ. ആർ. പ്രഗാഷ്, പ്രൊഫ. ടോമിച്ചൻ ജോസഫ്, ഡോ. എ. ജോസ്, ഡോ. പി.കെ. പദ്മകുമാർ എന്നിവർ സമീപം.**

(പി.ആർ.ഒ./39/720/2019)

## അമേരിക്കയിലെ ഉന്നതപഠന സാധ്യതകൾ; പ്രഭാഷണം നടന്നു

മഹാത്മാ ഗാന്ധി സർവകലാശാല ഇന്റേണൽ ക്വാളിറ്റി അഷ്വറൻസ് സെല്ലിന്റെയും യു.സി.ഐ.സി.യുടെയും സ്കൂൾ ഓഫ് ബിസിനസ് ആൻഡ് മാനേജ് മെന്റ് സ്റ്റഡീസിന്റെയും ആഭിമുഖ്യത്തിൽ അമേരിക്കയിലെ ഉന്നതപഠനസാധ്യതകളെക്കുറിച്ച് പ്രഭാഷണം സംഘടിപ്പിച്ചു . അമേരിക്കയിലെ ലൂയിവിൽ സർവകലാശാലയിലെ ഇന്റർനാഷണൽ അഡ്മിഷൻ കോ -ഓർഡിനേറ്റർ ദീപ്തി ജെയിൻ മുഖ്യപ്രഭാഷണം നടത്തി.

ബയോസ്റ്റാറ്റിസ്റ്റിക്സ്, ഹോസ്പിറ്റൽ അഡ്മിനിസ് ട്രേഷൻ, ഹെൽത്ത് അനലിറ്റിക് സ്, ഇൻഫർമേഷൻ സയൻസസ് , ഹെൽത്ത് കെയർ അഡ്മിനിസ് ട്രേഷൻ എന്നീ മേഖലകളിൽ ഉന്നതപഠന സാധ്യതകളേറെയാണെന്ന് അവർ പറഞ്ഞു . വിവിധ പ്രോഗ്രാമുകൾ , ഫീസ്, സ്കോളർഷിപ്പുകൾ എന്നിവയെക്കുറിച്ച് വിശദീകരിച്ചു. സ്കൂൾ ഓഫ് ബിസിനസ് ആൻഡ് മാനേജ്മെന്റ് സ്റ്റഡീസ് സെമിനാർ ഹാളിൽ നടന്ന പരിപാടിയിൽ ഐ.ക്യു.എ.സി. ജോയിന്റ് ഡയറക്ടർ ഡോ . റോബിനറ്റ് ജേക്കബ് , യു.സി.ഐ.സി. ഡയറക്ടർ ഡോ. സജിമോൻ എബ്രഹാം എന്നിവർ പ്രസംഗിച്ചു.

<u>**ചിത്രം കാപ്ഷൻ**</u>

**മഹാത്മാ ഗാന്ധി സർവകലാശാല ഇന്റേണൽ ക്വാളിറ്റി അഷ്വറൻസ് സെല്ലിന്റെയും സ്കൂൾ ഓഫ് ബിസിനസ് ആൻഡ് മാനേജ്മെന്റ് സ്റ്റഡീസിന്റെയും യു.സി.ഐ.സി.യുടെയും ആഭിമുഖ്യത്തിൽ അമേരിക്കയിലെ ഉന്നതപഠനസാധ്യതകളെക്കുറിച്ച് സംഘടിപ്പിച്ച പരിപാടിയിൽ ലൂയിവിൽ സർവകലാശാലയിലെ ഇന്റർനാഷണൽ അഡ്മിഷൻ കോ-ഓർഡിനേറ്റർ ദീപ്തി ജെയിൻ പ്രഭാഷണം നടത്തുന്നു.**

(പി.ആർ.ഒ./39/721/2019)

## 'സമക്ഷം' സിനിമ സംപ്രേഷണം 13ന്

മഹാത്മാ ഗാന്ധി സർവകലാശാല നിർമ്മിച്ച മുഴുനീള ഫീച്ചർ സിനിമയായ സമക്ഷം ശനിയാഴ്ച (ഏപ്രിൽ13) ഉച്ചയ്ക്ക് 12 ന് കൈരളി ചാനലിൽ സംപ്രേഷണം ചെയ്യും . രാജ്യത്ത് ആദ്യമായാണ് സർവകലാശാല മുഴുനീള ഫീച്ചർ ചലച്ചിത്രം നിർമിച്ചത് . 2018-ലെ ഏറ്റവും മികച്ച പരിസ്ഥിതി ചിത്രത്തിനുൾപ്പെടെ സമക്ഷത്തിന് രണ്ട് ഫിലിം ക്രിട്ടിക്സ് അവാർഡുകൾ ലഭിച്ചിട്ടുണ്ട്.

(പി.ആർ.ഒ./39/722/2019)

**എ. അരുൺ കുമാർ**

പബ്ലിക് റിലേഷൻസ് ഓഫീസർ